പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 962 — 7.2.2013 ന് മറുപടിയ്ക്ക്.

## ചാത്തന്നൂർ ഗവൺമെന്റ് ഐ.ടി.ഐ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) ചാത്തന്നൂർ ഗവൺമെന്റ് ഐ.ടി.ഐ യിൽ നിലവിൽ ഏതൊക്കെ ട്രേഡുകളിലാണ് പഠനം നടക്കുന്നത്; ഓരോ ട്രേഡുകളിലും എത്ര കുട്ടികൾക്ക് പഠനം നടത്തുവാൻ കഴിയുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) ഡ്രസ് മേക്കിംഗ്, പെയിന്റർ ജനറൽ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ എന്നീ ട്രേഡുകളുടെ ഓരോ യൂണിറ്റുകളിലും ഇലക്ട്രീഷ്യൻ ട്രേഡിന്റെ രണ്ട് യൂണിറ്റുകളിലും പരിശീലനം നൽകിവരുന്നു. ഇവയിൽ ഇലക്ട്രീഷ്യൻ ട്രേഡിൽ 42 ട്രെയിനികൾക്കും ഡ്രസ്സ് മേക്കിംഗ്, പെയിന്റർ ജനറൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ എന്നീ ട്രേഡുകളിൽ 21 ട്രെയിനികൾക്ക് വീതവും പരിശീലനം നൽകുവാൻ കഴിയും. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെങ്കിലും ട്രേഡുകൾ പുതുതായി അനുവദിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (ബി) ഇല്ല. |
| (സി) വളരെ വിപുലമായ അടിസ്ഥാന സൗകര്യങ്ങൾ നിലനിൽക്കുന്ന ഒരു സ്ഥാപനം എന്ന പരിഗണന നൽകി പുതിയ തസ്തികകൾ സൃഷ്ടിച്ച് കൂടുതൽ ട്രേഡുകൾ ആരംഭിക്കുവാൻ സന്നദ്ധമാകുമോ? | (സി) പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ